ടോൾസ്റ്റോയ് കഥകൾ

# സിംഹവും നായ്കുട്ടിയും

•പുനരാഖ്യാനം: **അനിൽകുമാർ തിരുവോത്ത്**

വന്യ മൃഗങ്ങളുടെ പ്രദർശനം ഉണ്ടാകുമായിരുന്നു ലണ്ടനിൽ. അവയെ കാണാൻ ജനങ്ങൾ വരും. അവർ പട്ടികളെയും പൂച്ചകളെയും ഒക്കെ വന്യമൃഗങ്ങൾക്ക് തിന്നാനായി എറിഞ്ഞു കൊടുക്കും.

ഒരിക്കൽ ഒരാൾ മൃഗങ്ങളെ കാണാൻ വന്നപ്പോൾ തെരുവിൽ നിന്ന് ഒരു നായ്കുട്ടിയെ പിടിച്ചുകൊണ്ട് മൃഗശാലയിലേക്ക് വന്നു. അതിനെ ഒരു സിംഹത്തിന്റെ കൂട്ടിലേക്ക് ഇട്ടു കൊടുത്തു.

പാവം നായ്കുട്ടി വാല് തന്റെ കാലുകൾക്കിടയിൽ വെച്ച് ഭയത്തോടെ കൂടിന്റെ ഒരു മൂലക്ക് ഒതുങ്ങി. പക്ഷേ, സിംഹം അതിനടുത്ത് വന്ന് ഒന്ന് മണത്തുനോക്കി.

തന്റെ പാദം തറയിലൂന്നി ഒന്ന് ഉരുണ്ട് വാലാട്ടി.

സിംഹം അതിന്റെ പാദമൂന്നി ഒന്നു തിരിഞ്ഞു. പാവം നായ ഒന്നു കുതിച്ച്, ഒരു മൂലയിൽ തന്റെ പിൻകാലിൽ തലവെച്ച് ഇരുന്നു.



▸▸ പവനൻ ആരുടെ തൂലികാ നാമമാണ്– പി.വി നാരായണൻ നായർ

## ചെറിയ ദ്വീപ്



ഒരു കെട്ടിടം മാത്രമുള്ള ലോകത്തിലെ ഏറ്റവും ചെറിയ ദ്വീപ് -അതാണ് ബിഷപ്പ് റോക്ക്. ബ്രിട്ടന്റെ കീഴിലാണ് ഈ സ്ഥലം. ദ്വീപിൽ ആകെയുള്ളത് ഒരു ലൈറ്റ്ഹൗസാണ്. പത്തു നിലയുള്ള ഈ കെട്ടിടം പണിതിട്ട് ഒന്നര നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു.

സിംഹം ആ മൃഗത്തെത്തന്നെ നോക്കി. തല വശങ്ങളിലേക്ക് തിരിച്ചു. പക്ഷേ പിന്നെയൊന്ന് തൊടുക പോലും ചെയ്തില്ല.

യജമാനൻ തനിക്ക് മാംസം കൊണ്ടു വന്നപ്പോൾ അത് മുറിച്ച് അൽപഭാഗം സിംഹം നായ്കുട്ടിക്ക് നൽകി. വൈകുന്നേരം സിംഹം ഉറങ്ങുകയായിരുന്നപ്പോൾ നായ് അതിനടുത്തു തന്നെ കിടന്ന്, തല സിംഹത്തിന്റെ പാദത്തിലേക്ക് വെച്ച് ഉറങ്ങി.

സിംഹവും നായ്കുട്ടിയും ഒരേ കൂട്ടിൽ കഴിഞ്ഞുകൂടി. സിംഹം ഒരിക്കലും ആ നായ്കുട്ടിയെ ഉപദ്രവിച്ചില്ല. ഒന്നിച്ച് ഭക്ഷിക്കുകയും ഒന്നിച്ചുറങ്ങുകയും ഒന്നിച്ച് കളിക്കുകയും ചെയ്തു.

ഒരു ദിവസം ഒരു മാന്യൻ മൃഗശാല സന്ദർശിക്കുകയും തന്റെ നായയെ തിരിച്ചറിയുകയും ചെയ്തു. മൃഗശാലാ ഉടമസ്ഥനോട് തന്റെ നായയെ തിരികെ കിട്ടണമെന്ന് ആവശ്യപ്പെട്ടു. ഉടമസ്ഥൻ അത് സമ്മതിച്ചു. വൈകാതെ അവർ സിംഹക്കൂട്ടിൽ നിന്ന് നായ്കുട്ടിയെ എടുക്കാൻ നോക്കി. സിംഹം അലറി, കുഞ്ചിരോമം എഴുന്നു നിന്നു.

വളരെ നാൾ ആ കൂട്ടിൽ സിംഹവും നായയും ഒന്നിച്ചു ജീവിച്ചു.

ഒരു വർഷം കഴിഞ്ഞപ്പോൾ നായക്ക് രോഗം വരികയും അത് ചാവുകയും ചെയ്തു. സിംഹം തീറ്റയും കുടിയും നിർത്തി, ആ ചത്ത നായയെ മണത്തും തൊട്ടുതലോടിയുമിരുന്നു.

അത് മരിച്ചു എന്ന് തിരിച്ചറിഞ്ഞ നിമിഷം കുഞ്ചിരോമങ്ങൾ എഴുന്നു നിന്നു. പെട്ടെന്നൊരു കുതിപ്പ്. വാലുകൊണ്ട് രണ്ടു ഭാഗത്തും തല്ലി, ചുമരിലേക്ക് തന്നെത്തന്നെ അടിച്ച്, കൂടിന്റെ കമ്പിയഴികളിൽ അടിക്കാൻ തുടങ്ങി.

എല്ലാ ദിവസവും ഇത് പതിവായി. അലറും, ചത്ത നായയുടെ അടുത്ത് കിടക്കും. ഉടമസ്ഥൻ നായ്കുട്ടിയുടെ ശവത്തെ അവിടെ നിന്ന് മാറ്റാൻ ശ്രമിച്ചു. പക്ഷേ, സിംഹം ആരെയും കൂടിനടുത്തേക്ക് അടുപ്പിച്ചില്ല.

മറ്റൊരു നായയെ കിട്ടിയാൽ ഈ നായ്കുട്ടിയെ ചൊല്ലിയുള്ള സങ്കടം മാറുമെന്ന് കരുതി, ഉടമസ്ഥൻ രണ്ടാമതൊന്നിനെ സിംഹത്തിന്റെ കൂട്ടിലിട്ടു. പക്ഷേ സിംഹം അതിനെ ആ നിമിഷം കീറിപ്പറിച്ചു. ശേഷം തന്റെ സ്നേഹിതനായ നായയുടെ ശവം കെട്ടിപ്പിടിച്ച് അഞ്ച് ദിവസം കിടന്നു.

ആറാം ദിവസം സിംഹം ചത്തു.

▸▸ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ മിസൈൽ– പൃഥ്വി